കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കാളികാവ് ഗ്രാമപഞ്ചായത്ത്

2015-2016 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട്

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
മലപ്പുറംജില്ലാ കാര്യാലയം

e-mail:ddlfampm@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.എം.പി.എം.6/3262/2016

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്,
മലപ്പുറംജില്ലാ കാര്യാലയം

e-mail: dompm.ksad@kerala.gov.in

തീയതി.27-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി ) മുഖേന

കാളികാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ഗ്രാമപഞ്ചായത്ത് - 2015-2016സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.6/3262/2016 തിയ്യതി: 27-01-2017

## മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.5.2016 മുതൽ 7.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എ.എസ്. ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 7.11.16 മുതൽ 18.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ . ടി.പി. അബ്ദുൽ ജലീൽ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മുഹമ്മദ് സലീം.ടി | അസി. ഓഡിറ്റ് ഓഫീസർ |

| | | | |
|---|---|---|---|
| | | ശ്രീ. രാമകൃഷ്ണൻ .ടി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ആലിപ്പറ്റ ജമീല | 1.4.15 മുതൽ 6.10.15 വരെ |
| | | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 7.10.2015 മുതൽ 19.11.2015 വരെ |
| | | ശ്രീ. സൈതാലി നീലേങ്ങാടൻ | 20.11.2015 മുതൽ 31.3.2016 |
| സെക്രട്ടറി | : | ശ്രീ.കെ.വി സുന്ദരൻ<br>ശ്രീ. അബ്ദുൽമജീദ് പി.എം. | 1.4.15 മുതൽ 31.5.15 വരെ<br>1.6.2015 മുതൽ 24.7.15 f.n.വരെ |
| ,, | | സൈതാലി.പി | 24.7.2015 a.n മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| ICDS സൂപ്പർ വൈസർ | | ശ്രീമതി. സലീല.എം | 1.4.15 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | | ശ്രു മുരളീധരൻ പിള്ള | 1.4.15 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | | ഡോ:മുഹമ്മദ് നജീബ് പി യു | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ: ഷമി | 1.4.15 മുതൽ 31.3.2016 വരെ |
| | | | |
| വെറ്ററിനറി സർജൻ | | ഡോ. അൻവർ കെ.പി.<br>ഡോ. ജംഷീർ . പി | 1.4.15 മുതൽ 15.1.16 വരെ<br>16.1.16 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.നാരായണി വി പി | 1.4.2015മുതൽ 31.3.16 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. പ്രശാന്ത് എൻ ടി<br>ശ്രീ. ലിജോ ജോസഫ് | 1.4.15 മുതൽ 30.6.15വരെ<br>1.7.2015 മുതൽ 31.3.16 വരെ |
| | | |
| ഹെഡ് മാസ്റ്റർ | ശ്രീ.സുരേഷ് കുമാർ എൻ ബി | 1.4.15 മുതൽ 31.3.16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഒഴിവ് | 1-4-15 മുതൽ 08-06-15 വരെ |
| | ജോസ്.എം.സൈമൺ | 9.6.15 മുതൽ 20.8.15 വരെ |
| | ഒഴിവ് | 21-08-15 മുതൽ 23-08-15 വരെ |
| | മത്തായി.പി.പി | 24.8.15 മുതൽ 31.3.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1. | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 11 | വസ്തുനികുതി - രേഖകൾ ലഭ്യമാക്കിയില്ല | 2-1 | |
| 12 | ചട്ടവിരുദ്ധമായി കെട്ടിടത്തിന് നമ്പർ അനുവദിച്ചു | 2-2 | |
| 13 | ഷട്ടർ സ്ഥാപിക്കുന്നതിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല. | 2-3 | |
| 14 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-4 | |
| | ഭാഗം - 3 | | |
| 15 | ഈനാദി കോവിലകം കോളനി റോഡ് സോളിംഗ് | 3-1 | |

| | | | |
|---|---|---|---|
| | എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ. | | |
| 16 | അരിമണൽ പുഴയ്ക്ക് തത്രക്കല്ലിൽ നടപ്പാലം നിർമാണം; അപാകതകൾ. | 3-2 | |
| 17 | മുറിച്ചുമാറ്റിയ മരത്തിന്റെ വിനിയോഗവിവരം ലഭ്യമല്ല. | 3-3 | |
| 18 | ഗുണഭോക്തൃസമിതി മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | 3-4 | |
| 19 | Transfer T A ചട്ടവിരുദ്ധമായി അധികം നൽകി. | 3-5 | |
| 20 | മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-6 | |
| 21 | പരിരക്ഷാപദ്ധതി - അപാകതകൾ | 3-7 | |
| 22 | വിജയഭേരി - പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല | 3-8 | |
| | ഭാഗം 4 | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24 | 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


## ഭാഗം 1

## പൊതു അവലോകനം

# 1-1 പൊതു അവലോകനം

1-1. ബജറ്റ്

2015-16 വർഷത്തെ ബഡ്ജറ്റ് 25.03.2015 തിയതിയിലെ 01 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 21.7.2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 15-11-16 | കെ എസ് എ.എം പി എം.6/3262/2016 തീയ്യതി 27-01-2017 |

<u>വാർഷിക ധനകാര്യപത്രിക പരിശോധന അപാകതകൾ</u>

1)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 57, 58 എന്നിവ പ്രകാരമുള്ള നടപടികൾ പൂർണ്ണമല്ല.

2)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 60പ്രകാരം ഓരോ മാസവും 10 -ാം തീയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പേമെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് മുൻപാകെ സമർപ്പിക്കുന്നതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല.

3)ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

4)അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5)പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ - ഫംഗ്ഷറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

6)വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ -വ്യാപാരികളുടെയും ജീവനക്കാരുടെയും ഇനത്തിലെ- പ്രകാരമുള്ള തുക ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തമില്ല.

8)വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

9)മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തമില്ല.

10)പഞ്ചായത്തിന് പരിഞ്ഞു കിട്ടാനുള്ള സംശയാസ്പദമായ തുകയ്ക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11) 2014-15 വാർഷിക കണക്കിലെ B4 പത്രിക പ്രകാരം 2014-15 വർഷാന്ത്യം ഐ സി ഡി എസ് സെൻട്രൽ സ്കീം ഹെഡിൽ 13,50,769 രൂപ ബാധ്യതയുണ്ട്. ഈ ഇനത്തിൽ തൻവർഷത്തെ വരവ് 7,11,483 രൂപയടക്കം ആകെയുള്ള 20,62,252 രൂപയിൽ തൻവർഷം ചെലവഴിച്ച 10,00,000 രൂപ കഴിച്ച് 10,62,252 രൂപയാണ് ഈ ഹെഡിൽ 2015-16 ൽ യഥാർത്ഥത്തിൽ ബാലൻസ്. എന്നാൽ ബാലൻസ്ഷീറ്റിലെ B4 പത്രിക പ്രകാരം 20,62,252 രൂപ ബാലൻസുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

12)എ സി ആർ പ്രകാരം വികസനഫണ്ട് (ജനറൽ), എസ് സി പി, ടി എസ് പി, ധനകാര്യകമ്മീഷൻ ഗ്രാന്റ്, റോഡ്, നോൺ റോഡ് ഇനങ്ങളിൽ തൻവർഷത്തെ അലോട്ടുമെന്റും ട്രാൻസ്ഫർ ഓഫ് ക്രഡിറ്റും കൂടിയ തുക യഥാർത്ഥ വരവായി കാണിക്കുന്നതിനു പകരം മൊത്തം വിനിയോഗിച്ച തുക മാത്രമാണ് വാർഷിക കണക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്.

13)ബി ഫണ്ട് ഇനത്തിൽ 2,86,80,057 രൂപയാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ 2,86,74,050 രൂപയാണ് ആകെ വരവുള്ളതും വിനിയോഗിച്ചതുമായ തുക. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

<u>1-4 സാമ്പത്തിക വിശകലനം</u>

| | |
|---|---|
| മുന്നിരിപ്പ് | 21839117 |
| വരവ് | 51608635 |
| ആകെ | 73447752 |
| ചെലവ് | 64111326 |
| നീക്കിയിരിപ്പ് | 9336426 |

1-5 (ബി) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4889782 | 2478963 | 13042372 | 20411117 | 18216446 | 2194673 | 89 |
| വികസനഫണ്ട് എസ്.സി.പി. | 499970 | 0 | 4535000 | 5034970 | 4394870 | 640100 | 87 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 95000 | 95000 | 95000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 25716 | 0 | 7810000 | 7835716 | 7825205 | 10511 | 99.86 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 214274 | 0 | 4135000 | 4349274 | 3798730 | 550544 | 87 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 395338 | -1182382 | 6551592 | 5764548 | 5369617 | 394931 | 93 |
| പെർഫോമൻസ് ഗ്രാന്റ് | 4264581 | -1296581 | 1296581 | 4264581 | 4264581 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 0 | 19237905 | 19237905 | 19237905 | 0 | 99.9 |
| ബി ഫണ്ട് | 0 | 0 | 28674050 | 28674050 | 28674050 | 0 | 100 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എ ണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 236 | 60085175 | 212 | 53476728 | 10 | 14 | 90 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ; ഇല്ല

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7444545 | 3717977 | (-)3726568 | (-)50.06 |
| നികുതിയേതര വരവുകൾ | 848667 | 872698 | (-)24031 | (-)2.83 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 84718954 | 93313 | (-)84625641 | (-)99.89 |
| ആകെ | 93012166 | 4683988 | 88328178 | |

1-8. ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 386760 | 236 |
| കർഷകതൊഴിലാളി പെൻഷൻ | 1459200 | 222 |
| വിധവാ പെൻഷൻ | 12111440 | 1384 |
| വാർദ്ധക്യകാല പെൻഷൻ | 10540110 | 1437 |
| വികലാംഗ പെൻഷൻ | 3541380 | 381 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 517160 | 59 |
| വിവാഹ ധനസഹായം | 110000 | 4 |

1-9 ക്യാഷ് വെരിഫിക്കേഷൻ

കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരം 07-11-2016 ന് നടത്തിയ കാഷ് ബാലൻസ് പരിശോധനയിൽ 73,274 രൂപ നീക്കിയിരിപ്പുള്ളതായി കണ്ടെത്തി.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2016 | ജൂൺ 2016 | 9.9.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.09.12 മുതൽ 08.10.12 വരെ | 2007-08 മുതൽ 2011-12 വരെ | 22.12.2012 |

## 1-2 ബജറ്റ്

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - രേഖകൾ ലഭ്യമാക്കിയില്ല

കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വസ്തുനികുതി പരിശോധനക്കായി താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയില്ല.

1)വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ

2)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

3)വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

4)പൊളിച്ചുമാറ്റിയ/എഴുതി തള്ളിയ കെട്ടിടങ്ങളുടെ വിവരം

വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും(നം. 2/15.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെയും ഇക്കാര്യത്തിൽ നടപടിയുണ്ടായിട്ടില്ല. തൻമൂലം വാർഷിക കണക്കിൽ പരാമർശിച്ചിട്ടുള്ള വസ്തുനികുതി കണക്കുകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിയ്ക്കാനായിട്ടില്ല.

## 2-2 ചട്ടവിരുദ്ധമായി കെട്ടിടത്തിന് നമ്പർ അനുവദിച്ചു

1) 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം, കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന വാണിജ്യ/കച്ചവട വിനിയോഗ കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് പരമാവധി 55 ആണ്. അപ്രകാരമുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണാനുപാതം (എഫ് എ ആർ) 1.75 ആണ് (ചട്ടം 35, ടേബിൾ 2, ക്രമനമ്പർ 7). എന്നാൽ താഴെ പറയുന്ന ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് ആയത് പാലിക്കാതെ നമ്പർ അനുവദിച്ചതായി കണ്ടെത്തി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടമുടമയുടെ പേര് - സിബി ചെറിയാൻ s/o ചെറിയാൻ, വയലിൽ വീട്, കാളികാവ്, കാളികാവ് പി .ഒ

പെർമിറ്റ് നം. 37/15-16/22.05.2015

അനുവദിച്ച (2015-16 ൽ ) നമ്പർ - VIII/146A,B,C,D,E,F,G,H,J,K,L,M,N

പ്ലോട്ട് ഏരിയ – 370 ച.മീ

പ്ലിന്ത് ഏരിയ – 667.17 m2

കവറേജ് %=ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം/ പ്ലോട്ട് വിസ്തീർണ്ണം.

= 344.34/370* 100 = 93 %

തറ വിസ്തീർണ്ണാനുപാതം (എഫ് എ ആർ ) =എല്ലാ നിലകളുടെയും ആകെ തറ വിസ്തീർണ്ണം /പ്ലോട്ട് വിസ്തീർണ്ണം

= 667.17/370 = 1.80
അധിക ഫീസ് ഈടാക്കി അനുമതി നൽകാവുന്നത് – 2.25
പ്ലോട്ടിൽ (370 ച.മീ) അധിക ഫീസ് കൂടാതെ അനുവദനീയമായ നിർമ്മാണം – 647.5$M^2$
പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം – 667.17

അധിക തറവിസ്തീർണ്ണത്തിന്റെ ഓരോ ചതുരശ്ര മീറ്ററിനും മേൽ ചട്ടപ്രകാരം 500 രൂപ അധിക ഫീസോടുകൂടി 2.25 വരെ അനുവദിക്കാമെന്നതിനാൽ അധിക 19.67ചതുരശ്ര മീറ്ററിന് (667.17-647.5) ഈടാക്കേണ്ട ഫീസ് - 19.67*500 = 9835 രൂപ ഈടാക്കേണ്ടതുണ്ട്.

മേൽ കെട്ടിടത്തിന് ഓവർസീയറുടെ റിപ്പോർട്ട് പ്രകാരം

ഫസ്റ്റ് ഫ്ലോർ - 344.34m2 ൽ 231.77m2 ഉം

സെക്കന്റ് ഫ്ലോറിൽ - 37.74 m2 ഉം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 37.74 m2 ന് നികുതി നിർണ്ണയം നടത്തിയിട്ടില്ല.

ഈടാക്കേണ്ട തുക – 37.74 *30 (ബാധകമായ നികുതി നിരക്ക് )= 1132

(+)വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%)= 226.44

ആകെ = 1358.64

(വസ്തു നികുതി -1359 രൂപ, ലൈബ്രറി സെസ്സ് - 68രൂപ)

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 4/16.11.2016 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുകയായ 11,194 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അനധികൃതമായി കെട്ടിട നിർമ്മാണം അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ പെർമിറ്റ് - മറ്റു അപാകതകൾ

കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച 'അപൻഡിക്സ് - I ' രജിസ്റ്ററിൽ ശരിയായി വിവരങ്ങൾ ചേർക്കുന്നില്ല. പെർമിറ്റ് സംബന്ധിച്ച മുഴുവൻ വിവരങ്ങളും സമയബന്ധിതമായി രജിസ്റ്ററിൽ ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ കെട്ടിട നിർമ്മാണ റഗുലറൈസേഷൻ സംബന്ധിച്ച വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.അപാകത പരിഹരിക്കേണ്ടതും പെർമിറ്റ് നൽകി മൂന്ന് വർഷം കഴിഞ്ഞിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 ഷട്ടർ സ്ഥാപിക്കുന്നതിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പ്രകാരം ഫീസ് ഈടാക്കേണ്ടതുണ്ട്. കാറ്റഗറി II വിഭാഗത്തിൽ പെടുന്ന കാളികാവ് ഗ്രാമ പഞ്ചായത്തിൽ2015-16 വർഷത്തിൽ ഷെഡ്യൂൾ II പ്രകാരം ഈടാക്കേണ്ട ഫീസ് നിരക്ക് താഴെ പറയും പ്രകാരമാണ് .

അപേക്ഷ ഫീസ്-ചട്ടം5(1),7(1)

| ക്രമ നം. | ഇനം | നിരക്ക്(രൂ) |
|---|---|---|
| 1 | കെട്ടിടം | 20 |
| 2 | കുടിൽ,ഷെഡ് | 5 |
| 3 | കിണർ | 5 |
| 4 | ചുറ്റു മതിൽ | 5 |
| 5 | ഷട്ടർ/വാതിൽ സ്ഥാപിക്കൽ | 10 |
| 6 | മേൽക്കുര മാറ്റൽ | 10 |

പെർമിറ്റ് ഫീസ്

| ക്രമ നം. | ഇനം | നിരക്ക്(രൂ) |
|---|---|---|
| 1 | കെട്ടിടം(residential) | 3/m2 |
| | കെട്ടിടം(commercial) | 5/m2 |
| 2 | കുടിൽ,ഷെഡ് | 25/No. |
| 3 | കിണർ | 10/No. |
| 4 | ചുറ്റു മതിൽ | 1/m |
| 5 | വാതിൽ /റോളിംഗ് ഷട്ടർ (Rs)സ്ഥാപിക്കൽ | 100/No. |
| 6 | മേൽക്കുര മാറ്റൽ | 1/m2 |

റോളിംഗ് ഷട്ടർ സ്ഥാപിക്കുന്നതിന് ഒരെണ്ണത്തിന് 100രൂപ നിരക്കിൽ പെർമിറ്റ്ഫീസ് ഈടാക്കേണ്ടതുണ്ട് എന്നാൽ താഴെ പറയുന്ന കെട്ടിട നിർമ്മാണങ്ങളുടെ കാര്യത്തിൽ ആയത് പാലിച്ചിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേരും വിലാസവും | കെട്ടിട നം. തീയ്യതി | ഈടാക്കേണ്ട തുക | പെർമിറ്റ് നം. തീയ്യതി |
|---|---|---|---|---|
| 1 | സിബി ചെറിയാൻ വയലിൽ കാളികാവ് പി ഒ | VII/146A,B,C,D,E,F,G,H,J,K,L,M,N,(13 എണ്ണം) | 1300 | 37/07-08 26.02.09 |
| 2 | ഷറഫുന്നീസ മുതൽ പേർ വെന്തോടൻ അഞ്ചച്ചവിടി പി ഒ | III/385 A,B,C,D,E | 500 | |

| | | | | | |
|---|---|---|---|---|---|
| 3 | അബ്ദുൾ ലത്തീഫ് മൂവായിരത്തിൽ ,പൂങ്ങോട് വെള്ളയൂർ | XIX/445 B,C | 200 | 108/15-16 28.09.15 | |
| 4 | ഷറഫുദ്ദീൻ കാരാട്ടുപറമ്പിൽ അഞ്ചച്ചവിടി | II/299A,B,C,D,E | 500 | | |
| 5 | മൊയ്തീൻ മൂച്ചിക്കൽ പൂച്ചപ്പൊയിൽ അഞ്ചച്ചവിടി | XVI/69 C,D | 200 | | |
| | | ആകെ | 2700 | | |

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 3/16.11.2016 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുകയായ 2700 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് - അപാകതകൾ

കാളികാവ് ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തെ ഡി & ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനങ്ങളുടെ പട്ടിക എഴുതി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ഡി & ഒ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ പട്ടിക പൂർണ്ണമല്ല. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ലൈസൻസ് നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 2014-15 | - 320 |
| 2015-16 | - 309 |

2015-16 വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 11 എണ്ണം അപേക്ഷ കുറവുണ്ടെങ്കിലും ആയതിന്റെ കാരണം വ്യക്തമല്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പരിശോധിച്ചിട്ടുമില്ല.

ഡി & ഒ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ പട്ടിക കുറ്റമറ്റതാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2)കോഴിഫാമുകൾക്ക് ഡി&ഒ ലൈസൻസും തൊഴിൽ നികുതിയും ബാധകമാക്കുന്നില്ല.

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 3(1)പ്രകാരം, 100 എണ്ണത്തിൽ കൂടുതൽ കോഴികളുള്ള കോഴിഫാമിന്, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഡി& ഒ ലൈസൻസ് ആവശ്യമുണ്ട് .

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 10(1)പ്രകാരം സെക്രട്ടറിയോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥലത്ത് പരിശോധന നടത്തി കോഴികളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള 100 എണ്ണത്തിൽ കൂടുതലുള്ള കോഴികൾക്ക് ചട്ടം 4(1) പ്രകാരമുള്ള ക്ലാസ് തരം തിരിവിന്റെ അടിസ്ഥാനത്തിൽ ചട്ടം 7(2) ൽ നിശ്ചയിച്ച പ്രകാരം ഡി& ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

നിലവിൽ 2015-16 വർഷത്തിൽ മാത്രം കാളികാവ് ഗ്രാമപഞ്ചായത്തിൽ പത്തിലധികം കോഴിഫാമുകൾക്ക് നമ്പറിംഗ് നടത്തിയിട്ടുണ്ടെങ്കിലും ഒരെണ്ണത്തിന്റെ കാര്യത്തിലും മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മുഴുവൻ ഫാമുകളിലും 100 എണ്ണത്തിൽ അധികം കോഴികളെ വളർത്തുന്നുണ്ടെന്നിരിക്കെ, ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന മുഴുവൻ കോഴിഫാമുകൾക്കും ഡി& ഒ ലൈസൻസ് ബാധകമാക്കി, വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൂടി ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഈനാദി കോവിലകം കോളനി റോഡ് സോളിംഗ് എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ.

(163/16)

നി.ഉദ്യോഗസ്ഥൻ. അസി. എഞ്ചിനീയർ.

കൺവീനർ: അബ്ദുൽ നാസർ

കരാർ: 20/15-16/14-7-15

അളവ് പുസ്തകം: 20/15-16

ചെലവ്: 200000 രൂപ.(തനത് ഫണ്ട്)

വൗച്ചർ നംപർ: 130/15-16/25-1-2016

മൂല്യനിർണ്ണയം: 188129

(+) നികുതി 11871

ആകെ : 200000

മേൽ പ്രവൃത്തിയുടെ ഒന്നാം ഇനമായി, സോളിംഗ് നടത്തുന്നതിന് മുമ്പ് മൺറോഡിന്റെ പ്രതലത്തിൽ നിന്ന് ശരാശരി 22.5 സെ.മീറ്റർ ആഴത്തിൽ മണ്ണെടുത്ത് റോഡ് റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ 642.30m2 അളവിൽ ചെയ്തതിന് (ആകെ 198 മീറ്റർ നീളം) 92.22/m2 നിരക്കിൽ 59232.91 രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്.

എന്നാൽ, താഴെ പറയുന്ന പദ്ധതി പ്രകാരം ക്വാറിമക്ക് നിറച്ച റോഡിലാണ് മേൽ പ്രവൃത്തി ചെയ്തതായി കാണുന്നത്. ആയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി: ഈനാദി കോവിലകം കോളനി റോഡ് പുരോഗമനം (ബഹുവർഷം,200/15,129/16)

അടങ്കൽ: 425000 (14-15 200000, 15-16 225000)

കൺവീനർ: അബ്ദുൽ നാസർ

കരാർ: 83/14-15/10-12-14

അളവ് പുസ്തകം: 99/14-15

ചെലവ്: 425000 രൂപ.

വൗച്ചർ നമ്പർ: 128/15-16/19-1-2016

മൂല്യനിർണ്ണയം: 400936

(+) നികുതി 24064

ആകെ 425000

മേൽ പ്രവൃത്തിയുടെ (5)ാം ഇനമായി 427 മീറ്റർ നീളത്തിൽ ക്വാറിമക്ക് നിറച്ചിട്ടുണ്ട്. മൊത്തം 229.12 m3 അളവിൽ ക്വാറിമക്ക് നിറച്ചതിന് 847/m3 നിരക്കിൽ 194064.64 രൂപ കൺവീനർക്ക് നൽകിയിട്ടുമുണ്ട്. ഈ പ്രവൃത്തി നടത്തിയ റോഡിൽ തന്നെയാണ് മേൽ വിവരിച്ച പ്രകാരം കൺസോളിഡേഷൻ നടത്തിയിട്ടുള്ളത്.

17-11-2016 ന് അസി.എഞ്ചിനീയറുടെയും ഓവർസീയറുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിലും ഇക്കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ക്വാറിമക്ക് നിറച്ച പ്രതലത്തിൽ മേൽ പ്രകാരം ശരാശരി 22.5 സെ.മീറ്റർ ആഴത്തിൽ മണ്ണെടുത്ത് റോഡ് റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ ആവശ്യമില്ലെന്നിരിക്കേ, ആയതിന് തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 12/17-11-2016 നംപർ ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയുന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ക്വാറിമക്ക് നിറച്ച പ്രതലത്തിൽ വീണ്ടും ക്വാറിമക്ക് അനുവദനീയമല്ലാത്തതിനാലും ഫണ്ടിന്റെ അപര്യാപ്തത കാരണവും, ഗതാഗതത്തിന് ഏറ്റവും ബുദ്ധിമുട്ടുള്ള സ്ഥലത്ത് സോളിംഗ് നടത്താൻ നിലവിലുള്ള പ്രതലം ഇളക്കി കൺസോളിഡേറ്റ് ചെയ്യാതെ മെറ്റൽ വിരിക്കൽ പ്രായോഗികമല്ലാത്തതിനാൽ അപ്രകാരം ചെയ്യുക മാത്രമാണുണ്ടായത്.

മേൽ പ്രകാരം കൺസോളിഡേഷൻ നടത്തിയതിന്റെ DATA(DSR 16.1) താഴെ കൊടുക്കുന്നു.

(cost for 100 sqm)

(A) Preparation of sub grade. Earth work in excavation including dressing etc..

100 sqm*22.5cm (average depth)= 22.5 cum

LABOUR

| Code | Description | Unit | Quantity | Rate (Rs.) | Amount (Rs.) |
|---|---|---|---|---|---|
| 0128 | Mate | Day | 1.800 | 363.00 | 653.40 |
| 0115 | Coolie | ,, | 18.000 | 329.00 | 5922.00 |
| 0114 | Beldar | ,, | 0.270 | 329.00 | 88.83 |
| 0003 | Hire charges of Diesel Road Roller-8 to 10 tonne | ,, | 0.054 | 1500.00 | 81.00 |
| 0113 | Chowkidar | ,, | 0.054 | 329.00 | 17.77 |
| 1235 | Diesel oil for road roller @ 18 litres | Litre | 0.972 | 55.49 | 53.94 |
| 9999 | Carriage of diesel | LS | 1.430 | 1.78 | 2.55 |
| 9999 | Sundries | LS | 6.760 | 1.78 | 12.03 |
| | | | | Total | 6831.52 |
| | Add water charge @ 1% | | | | 68.32 |
| | | | | Total | 6899.84 |

| | | | | | |
|---|---|---|---|---|---|
| | Add price index for MPM District @ 30.48% | | | | 2103.07 |
| | | | | Total | 9002.91 |
| | Rate per Sqm | | | | 90.02 |

(B)Consolidation of subgrade Roller charge(one roller does 1860 sqm of consolidation of subgrade with road roller of 8 to 12 tonne capacity including making good the undulations etc..and rerolling the subgrade.

(cost for 100 sqm)

| Code | Description | Unit | Quantity | Rate(Rs) | Amount(Rs) |
|---|---|---|---|---|---|
| 0003 | Hire charges of Diesel Road Roller-8 to 10 tonne. | Day | 0.054 | 1500.00 | 81.00 |
| 0113 | Chowkidar | " | 0.054 | 329.00 | 17.77 |
| 1235 | Diesel oil for road roller@ 18 liters | Litre | 0.972 | 55.49 | 53.94 |
| 9999 | Carriage of diesel | LS | 1.430 | 1.78 | 2.55 |
| 9999 | Sundries | LS | 6.760 | 1.78 | 12.03 |
| | | | | Total | 167.29 |
| | Add water charge @ 1% | | | | 1.67 |
| | | | | Total | 168.96 |
| | Add cost index for MPM District@30.48% | | | | 51.50 |
| | | | | Total | 220.46 |
| | Rate per sqm | | | | 2.20 |
| | Total (A)+(B) | | | | 92.22/sqm |

അസി.എഞ്ചിനീയറുടെ മറുപടി അംഗീകരിച്ചാൽ തന്നെ, ക്വാറിമക്ക് നിറച്ച പ്രതലത്തിൽ വീണ്ടും കൺസോളിഡേഷൻ നടത്തുന്നതിന് DSR 16.1 (B) പ്രകാരം 2.20/sqm രൂപയാണ്.

ആയത് പ്രകാരം അനുവദിക്കാവുന്ന തുക താഴെ കൊടുക്കുന്നു.

നൽകിയത് : 642.30m2@92.22/m2 = 59232.91

നൽകേണ്ട തുക : 642.30m2@2.2/m2 = 1413.06

അധികം നൽകിയ തുക : =57819.85 ie..57820 രൂപ.

57820 രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 അരിമണൽ പുഴയ്ക്ക് തത്രക്കല്ലിൽ നടപ്പാലം നിർമാണം; അപാകതകൾ.

നി.ഉദ്യോഗസ്ഥൻ. അസി. എഞ്ചിനീയർ.

മേൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായി താഴെ പറയും പ്രകാരം രണ്ട് പദ്ധതികൾ തയ്യാറാക്കുകയും 18 65 000 രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(1) അരിമണൽ പുഴയ്ക്ക് തത്രക്കല്ലിൽ നടപ്പാലം നിർമാണം. 183/15,124/16. (ബഹുവർഷ പ്രോജക്ട്)

അടങ്കൽ: 14 99 000 രൂപ.

കൺവീനർ: ഹബീബ്.

(2) അരിമണൽ പുഴയ്ക്ക് തത്രക്കല്ലിൽ നടപ്പാലം പൂർത്തീകരണം. 242/16 (ഏകവർഷപ്രോജക്ട്)

അടങ്കൽ: 366000 രൂപ.

കൺവീനർ:സഹീർ

<u>അപാകതകൾ</u>

(1) ഇരുമ്പ് ഗർഡറുകൾ, ആങ്ക്ളറുകൾ മുതലായവ ഉപയോഗിച്ച് ഒരു സെമി-തൂക്കുപാലമാണ് മേൽ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ളത്. വിദഗ്ധ തൊഴിലാളികളും വൻകിട നിർമ്മാണ യന്ത്രങ്ങളും ആവശ്യമുള്ള ഒരു പദ്ധതിയാണിത്. എന്നാൽ, ഇത്തരത്തിലുള്ള ഒരു പദ്ധതി, യാതൊരു നിർമാണ വൈദഗ്ധ്യവും മുൻ പരിചയവുമില്ലാത്ത, ഗുണഭോക്തൃ കമ്മറ്റി മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇത് ആശങ്കാജനകമാണ്. ഗുണഭോക്തൃ കമ്മറ്റി മുഖേന ഈ പദ്ധതി നടപ്പിലാക്കിയതിന് ബന്ധപ്പെട്ട കർമസമിതിയും ഭരണസമിതിയും വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ പാലത്തിന് വല്ല അപകടവും സംഭവിക്കുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഭരണ സമിതിക്ക് ഒഴിഞ്ഞു മാറാനുമാവില്ല.

യഥാസമയം പെയിന്റിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ നടത്താൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-3 <u>മുറിച്ചു മാറ്റിയ മരത്തിന്റെ വിനിയോഗവിവരം ലഭ്യമല്ല.</u>

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

കാളികാവ് ഗ്രാമ പഞ്ചായത്തിലെ ഈനാദി എന്ന സ്ഥലത്ത് റോഡിന് കുറുകെ ഭീമാകാരമായ രണ്ട് മരങ്ങൾ വീണിട്ടുണ്ടെന്ന് സെക്രട്ടറി, പ്രസിഡന്റ് എന്നിവർ സാക്ഷ്യപ്പെടുത്തുകയും ഈ മരം മുറിച്ചു മാറ്റുന്നതിനായി വൗച്ചർ നംപർ 21500102/30-5-2015 പ്രകാരം 6000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുറിച്ചുമാറ്റപ്പെട്ട മരം എന്ത് ചെയ്തുവെന്ന് വ്യക്തമല്ല. മരത്തിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 9/17-11-16 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 <u>ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ</u>

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 57ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 188 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർ (ഒരു ഓവർസിയർ ദിവസ വേതനാടിസ്ഥാനത്തിൽ) ഉൾപ്പെടുന്ന എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

<u>1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു</u>

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്റ്റിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ

വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. ഗ്രാമ പഞ്ചായത്ത് തൻവർഷം 48 പ്രോജക്ടുകൾ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് മാത്രമുള്ളതാണ് എന്ന് വ്യക്തമാവുന്നു. മൂന്ന് മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത് എന്ന് കാണുന്നു. സബ് ബേസ് സ്റ്റ്രെങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5സെ.മീ. കനത്തിൽ അധികം വ്യാപകമായ തോതിൽ നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തി വെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

2015-16 ലെ മുഴവൻ മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരുപരിധി വരെ പാലിക്കുന്നുണ്ടെങ്കിലും ബോർഡ് ഒന്നിന് 3000 രൂപയാണ് ചെലവഴിക്കുന്നത്. കുറഞ്ഞ നിരക്കിൽ ബോർഡ് പ്രദർശിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് ആയി എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് യഥാർത്ഥത്തിൽ ചെലവായത് എന്നിവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർ റോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5.കുറഞ്ഞ അടങ്കലുള്ള പ്രവർത്തികളുടെ എണ്ണം കൂടുതൽ.

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം തയ്യാറാക്കിയ 188 പ്രോജക്ടുകളിൽ 68 എണ്ണവും ഒരു ലക്ഷം രൂപയോ അതിൽ കുറവോ അടങ്കലുള്ളവയാണ്. റോഡ് പ്രവർത്തികളിൽ മുപ്പത് മീറ്റർ മുതൽ നാൽപത് മീറ്റർ വരെയാണ് ഈ അടങ്കൽ ഉപയോഗിച്ച് നിർവഹിക്കാനാവുന്നത് എന്നത് ശ്രദ്ധേയമാണ്. ഈ സംവിധാനം, ഗ്രാമ പഞ്ചായത്തിനെ ഒറ്റ യൂനിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം മാനിക്കാതെയാണ്. വാർഡു തലത്തിൽ ഇപ്രകാരം ഭാഗികമായി പ്രവർത്തി നടത്തുന്നത്, പ്രോജക്ട് ഭാഗികമായി മാത്രം ലക്ഷ്യം കാണാൻ മാത്രമേ ഉപകരിക്കു എന്ന് ഓർമിപ്പിക്കുന്നു.

6.ധാരാളം പ്രവർത്തികൾ നിർവഹിക്കാനാവുന്നില്ല.

പ്രോജക്ടുകളുടെ എണ്ണം കൂടുതലായത്, മിക്ക പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല എന്ന് വ്യക്തമാക്കുന്നു. നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടും, തൻവർഷം 28 പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കാണുന്നു. ഇപ്രകാരം ഉപേക്ഷിച്ച പ്രോജക്ടുകൾ തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി നിർവഹിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

മാത്രമല്ല, 3.22 കോടി രൂപ അടങ്കലുള്ള പ്രവർത്തികളാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിക്കുന്നത്.

<u>7.പർച്ചേസുകൾക്ക് ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല.</u>

കൺവീനർ പ്രവർത്തികളുടെ ഭാഗമായി വാങ്ങുന്ന സിമന്റ്, കമ്പി, പൈപ്പ്, മോട്ടോർ എന്നിവയുടെ ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല എന്ന് കാണുന്നു. യഥാർത്ഥ ബിൽ ഇല്ലാതെ ഇപ്രകാരം ഉപകരണങ്ങൾ വാങ്ങുന്നത് വ്യാപകമാണ്. ഇപ്രകാരമുള്ള നടപടികൾ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണമേൻമയെയും, വാറന്റി ക്ളെയിമുകളെയും സാരമായി ബാധിക്കുന്നതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയടിസ്ഥാനത്തിൽ മാത്രം ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാൻ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-5 <u>Transfer T A ചട്ടവിരുദ്ധമായി അധികം നൽകി.</u>

പഞ്ചായത്ത് ഡയറക്ടറുടെ 17-8-2015 ലെ E3-13/2015 ഉത്തരവ് പ്രകാരം തുറയൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും കാളികാവ് ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റപ്പെട്ട അക്കൗണ്ടന്റ് ശ്രീമതി. സജ്ന കെ, (Basic pay: 16180) താമസസ്ഥലമായ ചീക്കിലോട് (കോഴിക്കോട് ജില്ല) നിന്ന് കാളികാവ് ഗ്രാമ പഞ്ചായത്തിലേക്ക് നടത്തിയ യാത്രക്ക് വൗച്ചർ നംപർ 21500703/5-1-2016 പ്രകാരം 8508 രൂപ താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| തീയതി/സമയം | From/To | ദൂരം(കി.മീ) | നിരക്ക് | ആകെ |
|---|---|---|---|---|
| 24-8-2015<br>6 AM-10 AM | ചീക്കിലോട്-കോഴിക്കോട് (by bus) | 35 | 27*3person | 81 |
| 10 AM- NIL | കോഴിക്കോട്-ഷൊർണ്ണൂർ (by rail) | 150 | 428*3 | 1284 |
| 11-30-NIL | ഷൊർണ്ണൂർ -വാണിയമ്പലം (by rail) | 72 | 428*3 | 1284 |
| NIL | വാണിയമ്പലം- കാളികാവ് (by bus) | 12 | 7*3 | 21 |
| | Mileage Expenditure | 269 | 0.35*3 | 282 |
| | Personal Effects (by Lorry) | 121 | 36 | 4356 |
| | Loading & unloading | | 2*600 | 1200 |

| | | | | |
|---|---|---|---|---|
| | | | Total | 8508 |

ഈ ചെലവ് നടത്തിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) Rule 12&13(part 2 KSR) പ്രകാരം ഒരു ജീവനക്കാരൻ shortest & cheepest rout ൽ ആണ് യാത്ര ചെയ്യേണ്ടത്. റോഡ് മാർഗ്ഗം 120 കി.മീറ്റർ ദൂരമുള്ള കാളികാവ് ഗ്രാമ പഞ്ചായത്തിലേക്ക് (പേഴ്സണൽ എഫക്ട്സ് കൊണ്ടു വന്ന ലോറിയുടെ-KL-10 G-2137- Trip sheet പ്രകാരമുള്ള ദൂരം) റെയിൽ മാർഗ്ഗം 269 കി.മീറ്റർ ദൂരം യാത്ര ചെയ്തതിന് TA കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ, റെയിൽ മാർഗ്ഗമുള്ള യാത്രയിൽ 47 കി.മീറ്റർ റോഡ് യാത്രയും ഉൾപ്പെടുന്നു. (both end)

2) Rule 67(a) (2)(3)(part 2 KSR) പ്രകാരം റോഡ് മാർഗ്ഗം personal effects കൊണ്ടുവരുന്നതിന്, പരമാവധി, മൈലേജ് അലവൻസിന്റെ മൂന്നിരട്ടിക്കാണ് അർഹതയുള്ളത്. കൂടാതെ, loading & unloading charge ന് അർഹതയുമില്ല. എന്നാൽ ആയതിലധികരിച്ച് തുക നൽകിയിട്ടുണ്ട്.

ചട്ടപ്രകാരം നൽകാവുന്ന തുക താഴെ കൊടുക്കുന്നു.

| From/To | ദൂരം (കി.മീറ്റർ) | നിരക്ക് | ആകെ (രൂപ) |
|---|---|---|---|
| ചീക്കിലോട്-കാളികാവ് | 120 | (1)Employee: (0.91*120)+100(ic)=209.20*2(Twise the mileage allowance)<br>(2)Family:<br>Two members. One additional mileage<br>=(0.91*120)+100 (ic) | 418.40<br>209.20 |
| Personal effects | 120 | Three times the admissible mileage.<br>ie.. 209*3 | 627.60 |
| | | Total | 1255.2 |

TA ഇനത്തിൽ ചട്ടവിരുദ്ധമായി അധികം നൽകിയ 7253 രൂപ (8508-1255) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നീടാക്കേണ്ടതാണ്.

## 3-6 മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 19/2016

കാളികാവ് സി എച്ച് സി യിലേക്ക് മരുന്നുവാങ്ങൾ പദ്ധതി

വിനിയോഗിച്ച തുക – 3,00,000രൂപ (മെയിന്റെനൻസ് ഗ്രാന്റ് - റോഡിതരം)

ബിൽ നം.4/15-16/18.02.2016 - 2,00,000 രൂപ

ബിൽ നം.7/15-16/16.03.2016 - 1,00,000 രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, സി എച്ച് സി, കാളികാവ്

പദ്ധതി പ്രകാരം 3,00,000 രൂപ KMSCL തിരുവനന്തപുരത്തിന് സി എച്ച് സി യിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 1,13,065 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെയും ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 8/17.11.2016 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ശേഷിച്ച 1,86,935 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കിയതിന്റെ സ്റ്റോക്ക്, ഇഷ്യൂ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ അവശേഷിക്കുന്ന തുക 1,86,935/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 3-7 പരിരക്ഷാപദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.18/ 2016

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി

വിനിയോഗിച്ച തുക -9,53,435രൂപ

ബിൽ നം. 1/15-16/20.10.2015 – 54,030 രൂപ

ബിൽ നം. 2/15-16/10.12.2015 – 71,285രൂപ

ബിൽ നം. 10/15-16/31.03.2016 – 48,367 രൂപ

ബിൽ നം. 8/15-16/26.03.2016 – 5,00,000 രൂപ

ബിൽ നം. 6/15-16/16.03.2016 – 58,735 രൂപ

ബിൽ നം. 9/15-16/26.03.2016 – 1,17,582 രൂപ

തനത് ഫണ്ട് - 1,03,436 രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ - സി എച്ച് സി, കാളികാവ്

പദ്ധതി പ്രകാരം പരിരക്ഷാപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് മരുന്നുവാങ്ങൽ, പരിരക്ഷാ നേഴ്സിന്റെ ശമ്പളം, വാഹനവാടക, പരിരക്ഷാനേഴ്സിന്റെ ഫോൺ അലവൻസ്, മരുന്നു വാങ്ങൽ എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബിൽ നം.8/15-16/26.03.2016 പ്രകാരം 5,00,000 രൂപ മരുന്നുവാങ്ങാനാണ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ, 2,42,988 രൂപക്കുള്ള മരുന്നുകൾ മാത്രമാണ് നാളിതുവരെയും KMSCL തിരുവനന്തപുരത്തു നിന്നും ലഭ്യമായിട്ടുള്ളൂ. അവശേഷിച്ച 2,57,012 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതിന്റെ വിവരം, മരുന്നിന്റെ സ്റ്റോക്ക്, ഇഷ്യൂ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അവശേഷിക്കുന്ന മരുന്നുകളുടെ വില 2,57,012/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2)പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് പുറത്തിറക്കിയ 29-10-2015-ലെ സ.ഉ (ആർ.ടി) 3217/15/ത.സ്വ.ഭ.വ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിന് മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180 രൂപ മാത്രമാണ് ചെലവഴിക്കാവുന്നത്. എന്നാൽ 2015 നവംബർ മുതൽ 2016 മാർച്ച് വരെയുള്ള കാലയളവിൽ നടത്തിയ ചില യാത്രകളിൽ ഈ പരിധിയിൽ അധികരിച്ച തുക ഭക്ഷണമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. അനുവദനീയമായ പരിധിയിൽ അധികരിച്ച് ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

3)പാലിയേറ്റീവ് പരിചരണത്തിനായി പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം ദിവസ വാടകക്ക് എടുക്കാവുന്നതാണെങ്കിലും 45 കിലോമീറ്ററിന് മുകളിൽ ഓടുന്ന വാഹനത്തിന് പരമാവധി അനുവദിക്കാവുന്ന ദിവസ വാടക 1100/- രൂപ മാത്രമാണ്. ഈ ഇനത്തിൽ 1400 രൂപ വെച്ചാണ് വർഷം മുഴുവൻ ചെലവഴിച്ചിട്ടുള്ളത്. കൂടാതെ ട്രിപ് ഷീറ്റുകളിലൊന്നിലും എത്ര കിലോമീറ്റർ യാത്ര ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല. ട്രിപ് ഷീറ്റുകളിൽ യാത്ര ചെയ്ത കിലോമീറ്റർ വ്യക്തമാക്കേണ്ടതും അധികച്ചെലവ് നിയന്ത്രിക്കേണ്ടതുമാണ്. സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം ചെലവു ചെയ്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 3-8 വിജയഭേരി - പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പ്രോജക്റ്റ് നം. 145/2016

വിജയഭേരി പദ്ധതി

വിനിയോഗിച്ച തുക – 2,00,000 രൂപ

ബിൽ നം. 3/15-16/ 10.03.2016

നിർവ്വഹണം - ഹെഡ്മാസ്റ്റർ, ജി എൽ പി എസ് ആമപ്പൊയിൽ

പദ്ധതി പ്രകാരം താഴെ പറയുന്ന ആവശ്യങ്ങൾക്കാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

| ക്രമ നം. | ചെലവഴിച്ച ഇനം | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | വിവിധ പുസ്തകങ്ങൾ വാങ്ങാൻ | 46,000 | ബുക്ക് മാർക്കിൽ നിന്നും |
| 2 | മറ്റ് വിവിധ ലാബ് ഉപകരണങ്ങൾ വാങ്ങാൻ | 46,000 | ടെണ്ടർ മുഖേന, ലേണേർസ് കാന്റീൻ, മഞ്ചേരി |
| 3 | കളിയുപകരണങ്ങൾ വാങ്ങാൻ | 36,000 | ടെണ്ടർ മുഖേന, ലേണേർസ് കാന്റീൻ, മഞ്ചേരി |
| 4 | വിജയഭേരി പദ്ധതിക്ക് | 72,000 | വിജയഭേരിക്കായി വിവിധ സ്കൂളുകൾക്ക് നൽകിയത് |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കൃത്യമായ മുന്നൊരുക്കവും ആസൂത്രണവുമില്ലാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പുസ്തകങ്ങൾ വാങ്ങൽ, കളിയുപകരണങ്ങൾ വാങ്ങൽ, മറ്റ് വിവിധ ലാബ് ഉപകരണങ്ങൾ വാങ്ങൽ എന്നിവ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കാമെന്നിരിക്കെ, വിജയഭേരി പദ്ധതിയുടെ ഭൂരിഭാഗം തുകയും പ്രസ്തുത ആവശ്യത്തിനായി വിനിയോഗിച്ചത് ശരിയല്ല.

2)വിജയഭേരി പദ്ധതി നടപ്പിലാക്കിയ പത്ത് സ്കൂളുകളിൽ, ക്രസന്റ് ഹയർസെക്കണ്ടറി സ്കൂൾ, അടക്കാക്കുണ്ട് മാത്രമാണ് 2015 സെപ്റ്റംബർ മുതൽ 2016 ഫെബ്രുവരി വരെ ശരിയായ രീതിയിൽ നടത്തിയിട്ടുള്ളത് എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. ശേഷിച്ച ഭൂരിഭാഗം സ്കൂളുകളിലും വെറും രണ്ട് ദിവസത്തെ ക്ലാസ് നടത്തി തുക ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി പണം ചെലവഴിക്കുക എന്ന ഉദ്ദേശ്യത്തോടെ വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതി നടപ്പിലാക്കിയതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. കാളികാവ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേകം ക്ലാസ് നൽകി പഠനത്തിൽ മുന്നേറ്റം കൈവരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 'വിജയഭേരി പദ്ധതി' കാര്യക്ഷമമായി നടപ്പിലാക്കുവാൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-1 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

ഇല്ല.

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ എസ് ഇ ബി | കളത്തിങ്ങൽപടി കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 17/19.1.2016 | 109610 | 109610 | 0 |
| വാട്ടർ അതോറിറ്റി | ആമപ്പൊയിൽ, ചെവിടിക്കുളം പൈപ്പ് ലൈൻ നീട്ടൽ | 9/31.10.2015 | 550000 | 550000 | 0 |

4-3. മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2320 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2-4 | 2000 | സൈതലവി.പി. (ജെ.എസ്) | 11501101924/18.8.2015 |
| 2011-12<br>2012-13 | 2(5) | 320 | ശ്രീ. പ്രജിൻ ക്ലാർക്ക് | 11501101282/17.06.15 |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 12,13,14 | 2004-05 | 10.1.3.1 | റോഡ് പണികൾക്ക് അധിക ചെലവ് | നടപടി തുടരുന്നു |
| 2006-07 | 3(6) | 2009-10 | | കെ എസ് ഇ ബി ഡെപ്പോസിറ്റ് | നടപടി തുടരുന്നു |
| 2011-12 | 2(4),3(6) | 2008-09 | | | നടപടി തുടരുന്നു |
| 2013-14 | 3(16) | 2009-10<br>2010-11 | | | നടപടി തുടരുന്നു |
| 2014-15 | 3(1) | 2011-12<br>2012-13 | | ലഘു അവലോകനം | നടപടി തുടരുന്നു |

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51608635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64111326 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 13826 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 65073 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,43,947 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 11,126 | | സൈതാലി.പി., സെക്രട്ടറി. |
| 2-3 | 2700 | | സൈതാലി.പി, സെക്രട്ടറി |
| 3-1 | | 57820 | നാരായണി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | | 7253 | സൈതാലി.പി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

3-6 1,86,935 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., കാളികാവ്
3-7 2,57,012 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., കാളികാവ്
4,43,947

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ലൈബ്രറി സെസ് 68 രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സൈതാലി.പി, സെക്രട്ടറി | വിരമിച്ചു. | പറവെട്ടി ഹൗസ്, തുവ്വൂർ (പി.ഒ) |
| നാരായണി.വി.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കാളികാവ് ഗ്രാമ പഞ്ചായത്ത് | നിഷ്നിയ ഹൗസ്, ചെരണി, മഞ്ചേരി |

| | | |
|---|---|---|
| | | |
| സജ്ന, അക്കൗണ്ടന്റ് | | |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എം5/310/09 തീയ്യതി 11.2.11 | 14 | |
| 1998-99 (പ്ലാൻ) | എൽ.എഫ്.എം5/310/04 തീയ്യതി 11.2.11 | 5 | |
| 1998-99 | എൽ.എഫ്.എം5/1853/07 തീയ്യതി 11.2.11 | 4 | |
| 1999-00 | എൽ.എഫ്.എം5/1850/07 തീയ്യതി 11.2.11 | 10 | |
| 2000-01 | എൽ.എഫ്.എം5/1144/09 തീയ്യതി 11.2.11 | 9 | |
| 2001-02 | എൽ.എഫ്.എം5/479/07 തീയ്യതി 11.2.11 | 11 | |
| 2002-03 | എൽ.എഫ്.എം5/480/07 തീയ്യതി 11.2.11 | 8 | |
| 2003-04 | എൽ.എഫ്.എം5/48/08 തീയ്യതി 11.2.11 | 17 | |
| 2004-05 | എൽ.എഫ്.എം5/1155/07 തീയ്യതി 11.2.11 | 8 | |
| 2005-06 | എൽ.എഫ്.എം5/1156/07 തീയ്യതി 11.2.11 | 3 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.എം5/586/09 തീയ്യതി 25.4.11 | 19 | |
| 2007-08 | എൽ.എഫ്.എം6/1439/11 തീയ്യതി 23.8.11 | 14 | |
| 2008-09 | എൽ.എഫ്.എം6/1440/11തീയ്യതി 14.2.11 | 26 | |
| 2009-10,10-11 | എൽ.എഫ്.എം6/1518/2013 തീയ്യതി 06.12.13 | 21 | |
| 2011-12<br>2012-13 | എൽ.എഫ്.എം6/498/15 തീയ്യതി 7.4.15 | 29 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/1401/16 തീയതി 30-06-2016 | 21 | |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# Annexure-1

# Audit Certificate

No. KSAMPM.6/3262/2016

Kerala State Audit Department

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated.27-01-2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Kalikavu Grama Panchayat in Malappuram District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Kalikavu Grama Panchayat for the year 2015-16 except the observations in my Audit report, properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE, MALAPPURAM.

നം.കെ.എസ്.എ.എം.പി.എം.6/3262/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :27-01-2017

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.